# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2972 11/12/2014 ൽ മറുപടിക്ക്

### സീമാറ്റ് കേരളയിൽ നടക്കുന്ന പരിശീലന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| സീമാറ്റ് കേരളയിൽ നടക്കുന്ന പരിശീലന പരിപാടികളിൽ നിന്നും അക്കാദമിക് സ്റ്റാഫിനെ ഒഴിവാക്കി മുൻ ജീവനക്കാരെക്കൊണ്ട് അവർക്ക് പ്രതിഫലം നൽകി ക്ലാസ്സുകൾ എടുപ്പിക്കുന്നതായും, പരിശീലനം സംബന്ധിച്ച രേഖകൾ സംഗ്രഹിച്ച വയ്ക്കുന്നില്ലാ എന്നും പ്രതിഫലം നൽകുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലും വൻ ക്രമക്കേട് നടക്കുന്നതായും അക്കൌണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചത് എന്ന് ഇനം തിരിച്ച് വിശദമാക്കുമോ? | സീമാറ്റ്-കേരളയിൽ നടക്കുന്ന പരിശീലനപരിപാടികളിൽ ക്ലാസ്സ് എ ടുക്കുന്നതിൽ നിന്നും മുൻ ഡയറക്ടർ സ്റ്റാഫിനെ ഒഴിവാക്കിയിരുന്നു. എന്നാൽ ഇപ്പോഴത്തെ ഡയറക്ടർ നിലവിലുള്ള അക്കാഡമിക് സ്റ്റാഫിനെ കൊണ്ട് പരിശീലന പരിപാടികളിൽ ക്ലാസ്സ് എടുപ്പിക്കുന്നു. മാത്രവുമല്ല പരിശീലനപരിപാടികളുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആയും അക്കാഡമിക് സ്റ്റാഫ് പ്രവർത്തിച്ചു വരുന്നു. മാനേജ്മെന്റ് പരിശീലനപരിപാടികളിൽ ക്ലാ സ്സ് എ ടുക്കുന്നതിനായി IMG ഫാക്കൽറ്റികളെയും, അതാതു മേഖലകളിലെ വിദഗ്ധരെയും നിയോഗിച്ചുവരുന്നു. എ ക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ള റമ്യൂണറേഷനാണ് അവർക്കു നൽ കിവരുന്നത്. അവരിൽ നിന്നും TDS പിടിച്ച് സർക്കാരിലേയ്ക്ക് അടച്ചുവരുന്നു. പരിശീലനം സംബന്ധിച്ച രേഖകൾ അ താതു വൗച്ചറുകളിൽ കൃത്യമായി സംഗ്രഹിച്ചു വയ്ക്കുകയും ഇന്റേണൽ ആഡിറ്റ് ചെയ്തും വരുന്നു. അതത് പരിശീലനപരിപാടികൾക്കുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപറേഷൻ, ത്രിവേണി ഡിപ്പാർട്ടുമെന്റു സ്റ്റോർ, പ്രീമിയർ ഓഫീസ് എക്യുപ്മെന്റ്സ്, സ്മാൾ ഇൻട്രസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ, ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങിവരുന്നത്. |

സെക്ഷൻ ഓഫീസർ